**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6428** **10-11-2021 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴയിൽ നിന്ന് മാലിന്യങ്ങളും എക്കലും നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകൾക്കിടയിലൂടെ ഒഴുകുന്ന ചാലിയാർ പുഴയിൽ നിന്ന് മാലിന്യങ്ങളും എക്കലും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പുഴകളിലും ജലാശയങ്ങളിലും പ്രളയം മൂലം അടിഞ്ഞു കൂടിയ മാലിന്യങ്ങളും, ചെളിയും നീക്കം ചെയ്യുന്നതിനായി 24.12.2019 തീയതിയിലെ ജി.ഒ (ആർ.ടി) നം.3880/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ജില്ലാ കളക്ടർ ചെയർമാനും, ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളായി ജില്ലാതല സമിതിയും, പഞ്ചായത്ത്/ മുനിസിപ്പൽ തലത്തിൽ പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറി കൺവീനറും, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ഇറിഗേഷൻ പ്രതിനിധി, എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ എന്നിവർ അംഗങ്ങളായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ സമിതി രൂപീകരിക്കുകയും, അവശിഷ്ടങ്ങൾ നീക്കം ചെയ്യേണ്ട നദികളുടെയും, ജലാശയങ്ങളുടെയും വിവര ശേഖരണം നടത്തുകയും ചെയ്യുകയും, ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സമിതികൾ സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റുകൾ പ്രകാരം ടി പ്രവൃത്തികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അനുമതി നൽകിയ ഗ്രാമപഞ്ചായത്തുകൾ എല്ലാം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | അതിനായി ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് എത്ര തുകയാണ് കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കളക്ടർമാർ 2018-ന് ശേഷം ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 30/01/2021 തീയതിയിലെ സർക്കാർ ഉത്തരവ് സ .ഉ (സാധാ ) നം .68/2021 /ഡി എം ഡി പ്രകാരം , ചാലിയാറിൽ നിന്നും ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ തൊഴിലാളികളുടെ കൂലി അനുവദിക്കുന്നതിനായി ആകെ 3,40,59,249/- (മൂന്ന് കോടി നാല്പതു ലക്ഷത്തി അൻപത്തി യൊൻപതിനായിരത്തി ഇരുനൂറ്റി നാല്പത്തിയൊൻപതു രൂപ മാത്രം) രൂപ കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 2018-നു ശേഷം ആകെ 44,54,533/- (നാല്പത്തിനാല് ലക്ഷത്തി അമ്പതിനാലായിരത്തി അഞ്ഞൂറ്റി |

| | | | |
|---|---|---|---|
| | | | മുപ്പത്തിമൂന്നു രൂപ മാത്രം) രൂപ ചാലിയാർ പുഴയിലെ പ്രളയ മാലിന്യം നീക്കം ചെയ്യുന്നതിനായി ചിലവഴിച്ചിട്ടുണ്ട് . |
| (സി) | ഈ വർഷം പ്രസ്തുത പുഴയിൽ നിന്ന് എക്കലും മാലിന്യവും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | പഞ്ചായത്തു തലത്തിൽ രൂപീകരിച്ച സമിതികൾ എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയതു പരിശോധിച്ച് പ്രവൃത്തികൾക്ക് അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## GOVERNMENT OF KERALA

### Abstract

Revenue Department – Desilting and removal of debris in Flood affected rivers – Sanction Accorded cancelling G.O(Rt)No. 3852/2019/RD dated 21.12.2019 - Orders issued.

### REVENUE (P) DEPARTMENT

**G.O.(Rt)No.3880/2019/RD** Dated,Thiruvananthapuram, 24/12/2019

Read 1 G.O (Rt) No.2882/2019/RD dated 16.10.2019.

2 Minutes of the Meeting held on 7.11.2019, under the presidentship of Chief Secretary.

3 Letter No. ILDM/492/2017/E1 dated 14.11.19 from the Director, ILDM.

4 GO(Rt)No. 3852/2019/RD dated 21.12.2019.

### ORDER

As per GO read as 1st Paper above, a Committee has been constituted with Chief Secretary as Chairperson, Additional Chief Secretary (Water Resources), Additional Chief Secretary (Local Self Government Department), Additional Chief Secretary (Forest and Wildlife), Principal Secretary (Revenue), Principal Secretary (Environment) and Director (Mining and Geology) as members in order to look into matters relating to dredging in rivers.

A Meeting of the above Committee was held on 7.11.19 and it was decided to entrust respective District Collectors to conduct desilting and removal of debris in flood affected rivers in the context of the massive floods happened in 2018 and 2019.

As per section 24, 34 of the Disaster Management Act 2005, State Disaster Management Executive Committee, District Disaster Management Authority can take necessary steps to 'remove debris, conduct search and carry out operations'. With regard to the authority of Section 33 of Disaster Management Act, 2005, the Hon'ble High Court of Uttarakhand in WP(C) No.93/2015 has ordered that "if the dredging is undertaken for the purpose of maintaining water bodies no clearance of Ministry of Environment and Forest is required." As per Section 72 of the Disaster Management Act, this Act overrides the other Acts.

Government have examined the matter in detail and are pleased to accord Sanction to all District Collectors for removing silt and debris in flood affected rivers, as an immediate measure to accommodate flood waters and to increase the capacity of river channels.

District Collectors should ensure the stability of river banks and protection of river bed while removing the silt and debris. District Collectors have liberty to dispose off the silt and debris in the appropriate manner. District Collectors can seek necessary help from local technical personnels of Water Resources and Geology Departments, to identify areas for urgent intervention.

As such G.O (Rt) No. 3852/2019/RD dated 21.12.2019 read as 4th Paper above, stands cancelled.

(By order of the Governor)
**BENCY J**
**ADDITIONAL SECRETARY**

The Land Revenue Commissioner, Thiruvananthapuram.

District Collector's-

Malappuram/Kannur/Pathanamthitta/Kasargod/Ernakulam/Idukki.

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A & E), Kerala, Thiruvananthapuram

I & PRD (Web and New Media)

SF / O.C.

Forwarded /By order

Section Officer

Copy to : Additional Chief Secretary (Water Resources).

Additional Chief Secretary (Local Self Governement Department.

Additional Chief Secretary (Forest and Wildlife).

The Principal Secretary (Environment).

The Director, Mining & Geology.

The Director, Institute of Land and Disaster Management, PTP Nagar, PTP Nagar PO, Thiruvananthapuram – 38.

PS to Hon'ble Chief Minister.

PS to Hon'ble Minister(Revenue).

PS to Chief Secretary.

PA to Principal Secretary (Rev).

CA to Additional Secretary (Rev).

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ്- പ്രളയത്തിൽ പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും, മണ്ണും നീക്കം ചെയ്തതിന് ചെലവായ തുക കോഴിക്കോട് ജില്ലാകളക്ടർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിച്ച്-ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

G.O.(Rt)No.68/2021/DMD തീയതി, തിരുവനന്തപുരം, 30/01/2021

---

പരാമർശം:- 1.സ.ഉ(സാധാ)നം. 3987/2018/റവ തീയതി 27.09.2018

2.കോഴിക്കോട് ജില്ലാകളക്ടറുടെ 13/11/2020 തീയതിയിലെ ഡിസികെ കെഡി/7939/2019-എഫ്2 നമ്പർ കത്ത്

3.സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 25/01/2021 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഉത്തരവ്

പ്രളയം ബാധിച്ച ജില്ലയിലെ 5 നദികളിൽ നിന്നും ചെളിയും മണ്ണും നീക്കം ചെയ്ത് നദികളിലെ ജലവാഹകശേഷി വർദ്ധിപ്പിച്ച്, നീരൊഴുക്ക് സുഗമമാക്കണമെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യം പരിഗണിച്ചുകൊണ്ടും, പരാമർശം(1)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും CWRDM-നെ പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും, മണ്ണിന്റെയും അളവ് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാനായി ചുമതലപ്പെടുത്തുകയുണ്ടായെന്നും CWRDM പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വെള്ളപ്പൊക്ക ദുരന്തം തടയുന്നതിനായി മൺസൂൺ ആരംഭത്തിനു മുമ്പായി നദികളിൽ അടിഞ്ഞുകൂടിയ ചെളിയും, മണ്ണും നീക്കം ചെയ്യുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തികൊണ്ടും, ഖനനം ചെയ്തെടുത്ത ചെളിയും മണ്ണും സൂക്ഷിക്കാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ അവയുടെ ക്വാളിറ്റി അനുസരിച്ച് ലേല നടപടികളിലൂടെ അവ ലേലം ചെയ്ത് വിൽക്കാൻ നിർദ്ദേശം നല്കിയതിന്റെയും അടിസ്ഥാനത്തിൽ പുഴകളിൽ നിന്ന് ശേഖരിച്ചത് മണൽ കലർന്ന എക്കൽ മണ്ണായിരുന്നതിനാൽ അവ ലേലം ചെയ്ത വകയിൽ അഞ്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ആകെ 5,30,54,047/- (അഞ്ച് കേടി മുപ്പത് ലക്ഷത്തി അമ്പത്തിനാലായിരത്തി നാല്പത്തി ഏഴ് രൂപ മാത്രം) ലഭിച്ചിട്ടുണ്ടെന്നും, എന്നാൽ ചെളിയും മണ്ണും നീക്കിയ പ്രവർത്തിയിൽ തൊഴിലാളികളുടെ കൂലിയായ ആകെ 3,40,59,249/- (മൂന്ന് കോടി നാല്പത് ലക്ഷത്തി അമ്പത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി നാല്പത്തിയൊൻപത് രൂപ) ചെലവായിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും പ്രളയത്തെ തുടർന്ന് അടിഞ്ഞുകൂടിയ ചെളിയും മണലും വേർതിരിച്ച മണൽ RMF ഉപയോഗിച്ച് സൂക്ഷിച്ച് പിന്നീട് സർക്കാർ നിരക്കിൽ തുക ഈടാക്കി വില്പന നടത്താനും ഈ തുക RMF ലേയ്ക്ക് മുതൽക്കൂട്ടാനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നുവെന്നും മണൽ ലേലം ചെയ്ത വകയിൽ ലഭ്യമായ തുകയിൽ നിന്നും തൊഴിലാളികളുടെ കൂലി തുക അനുവദിക്കുവാനും ബാക്കി തുക RMF-ൽ നിക്ഷേപിക്കാനും അനുമതി നൽകണമെന്നും പരാമർശം(2)പ്രകാരം കോഴിക്കോട് ജില്ലാകളക്ടർ ആവശ്യപ്പെടുകയുണ്ടായി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 25/01/2021 ൽ ചേർന്ന സ്റ്റേറ്റ്

എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്യുകയും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും, മണ്ണും നീക്കം ചെയ്യുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് തുക വിനിയോഗിക്കാമെന്നതിനാൽ കൂലി നൽകുവാനുള്ള തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കുന്നതിന് തീരുമാനം കൈകൊള്ളുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും, മണ്ണും നീക്കം ചെയ്ത ഇനത്തിൽ കൂലി നൽകുവാനുള്ള 3,40,59,249/- (മൂന്ന് കോടി നാല്പത് ലക്ഷത്തി അമ്പത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി നാല്പത്തിയൊൻപത് രൂപ) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 Flood other items എന്ന ശീർഷകത്തിൽ നിന്ന് കോഴിക്കോട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. A JAYATHILAK IAS
PRINCIPAL SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് :-
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by JAYACHANDRAN K P
Date: 2021.01.30 19:02:41 IST
Reason: Approved
സെക്ഷൻ ഓഫീസർ